കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിതറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി.3/1521/2019

കേരള സംസ്ഥാന ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി. 09/12/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997

കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.3/1521/2019, തിയതി: 09/12/2019

**കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10-12-18 മുതൽ 09-10-19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.സൈമൺ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 23.09.2019മുതൽ 05.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീ.വി.ഡി.രാജൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സി.ചന്ദ്രപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.എസ്.ശരത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജിതാ കൈലാസ് | 01/04/2018മുതൽ 31/03/2019വരെ |
| സെക്രട്ടറി | ശ്രീ.ബൽജിത്ത് ജീവൻ | 01/04/2018മുതൽ 02/07/18വരെ |
| | ശ്രീ.അനിലാൽ വി.ആർ(ഇൻ ചാർജ്ജ്) | 03/07/2018മുതൽ 08/07/2018വരെ |
| | ശ്രീ.രാജ്കുമാർ കെ. | 09/07/2018മുതൽ 31/03/2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപകുമാർ കെ.ജി. | 01/04/2018മുതൽ 20/06/2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രസാദ് പി. | 21/06/2018മുതൽ 08/10/2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിലാൽ വി.ആർ | 09/10/18 മുതൽ 31/03/19വരെ |
| അഗ്രികൾച്ചർ ഓഫീസർ | കിരൺ | 01/04/2018മുതൽ 31/03/2019വരെ |
| ഹെഡ് മാസ്റ്റർ | ഫസലുദ്ദീൻ | 01/04/2018മുതൽ 31/03/2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ | അൽക്ക | 01/04/2018മുതൽ 29/10/2018വരെ |
| അസിസ്റ്റന്റ് എൻജിനീയർ | നിഷ പിള്ള | 30/10/2018മുതൽ 31/03/2019വരെ |
| വി.ഇ.ഒ | ബിനുകുമാർ | 01/04/18മുതൽ 21/06/2018വരെ |
| വി.ഇ.ഒ | അരുൺ പ്രസാദ് | 22/06/2018മുതൽ 31/03/2019വരെ |
| വി.ഇ.ഒ. | ജയകുമാർ | 01/04/2018മുതൽ 20/07/2018വരെ |
| വി.ഇ.ഒ | രതീഷ് | 21/07/2018മുതൽ |

| | | |
|---|---|---|
| | | 31/03/2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | രാകേഷ് ആർ. | 01/04/2018മുതൽ 31/03/2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ബിസ്നി എസ്സ്. | 1/04/2018മുതൽ 17/07/2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | വിനോദ് കുമാർ | 18/07/2018മുതൽ 31/03/2019വരെ |
| വെറ്റിനറി സർജൻ | പ്രീത എസ്. സ്കറിയ | 01/04/2018മുതൽ 31/03/2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ലാൽസീന | 01/04/2018മുതൽ 05/07/2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ഉഷാകുമാരി | 06/07/2018മുതൽ 08/11/2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | സന്ധ്യ | 09/11/2018മുതൽ 31/03/2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ദിവ്യ എസ്. മോഹൻ | 01/04/2018മുതൽ 17/04/2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ആശ സി.പി. | 18/04/2018മുതൽ 22/07/2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റിയാസ് എ.എം. | 23/07/2018മുതൽ 31/03/2019വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 13 | വസ്തുനികുതി നിർണ്ണയത്തിനായി കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണവും കണക്കാക്കിയില്ല. | 1-13 |
| 14 | വസ്തുനികുതി-സഞ്ചയയും സാംഖ്യയുമായി പൊരുത്തക്കേട് | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 16 | ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-16 |
| 17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തണം | 1-17 |
| 18 | "കശുമാവിൻതൈ നടീലും പരിപാലനവും പദ്ധതി" പ്രശംസനാർഹം | 1-18 |
| 19 | തരിശു ഭൂമിയിൽ പച്ചക്കറി കൃഷി - പ്രവർത്തനം കാര്യക്ഷമമായില്ല | 1-19 |
| 20 | കാർഷികമേഖലയുടെ ഉന്നമനം - കടമ്പകളേറെ | 1-20 |
| 21 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 22 | ഫ്ലാറ്റ്ചക്കമലയിലെ ഫ്ലാറ്റ് സമുച്ചയം കാടുകയറി നശിക്കുന്നു. അടിസ്ഥാന സൗകര്യം ലഭ്യമാക്കി ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കണം | 1-22 |
| 23 | ഐരക്കുഴി പൊതു മാർക്കറ്റ് നിർമ്മാണം, സ്റ്റോക്ക് ചെയ്തിരിക്കുന്ന 7.5 ഘ. മീ റബ്ബിൾ ലേലം ചെയ്തു കൊടുത്തിട്ടില്ല. | 1-23 |
| 24 | കേരള ജല അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട വെള്ളക്കര കുടിശ്ശിക , പിഴപ്പലിശ ഇനത്തിൽ വൻ തുക ഒടുക്കുവരുത്തേണ്ടതായി വരുന്നു. | 1-24 |
| 25 | ലൈഫ് ഭവനപദ്ധതി- അവലോകനം | 1-25 |
| 26 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-26 |
| 27 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-27 |
| 28 | മഴക്കാല പൂർവ്വശുചീകരണം- ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-28 |
| | | |

| | | |
|---|---|---|
| 29 | പ്രാബല്യത്തിലില്ലാത്ത ഭവനപദ്ധതിയുടെ അക്കൌണ്ടിൽ തുക നിലനിർത്തിയിരിക്കുന്നു | 1-29 |
| 30 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.36,21,738 രൂപാ തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ , തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-31 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ - ഇല്ല** | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല** | |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 32 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28.03.2018 തീയതിയിലെ തീരുമാനം I പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2019 | 08.05.2019 | ബാധകമല്ല | ബാധകമല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 96,59,857/- |
| വരവ് | 20,33,11,465/- |
| ആകെ | 21,29,71,322/- |
| ചെലവ് | 18,79,53,148/- |
| നീക്കിയിരിപ്പ് | 2,50,18,174/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 4,37,29,162/- | 4,37,29,162/- | 3,32,52,077/- | 1,04,77,085/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1,52,62,000/- | 1,52,62,000/- | 1,33,16,026/- | 19,45,974/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 1,30,6000/- | 1,30,6000/- | 10,95,899/- | 2,10,101/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1,36,45,000/- | 1,36,45,000/- | 1,36,45,000/- | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 62,49,000/- | 62,49,000/- | 43,13,035/- | 19,35,965/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 2,14,11,293/- | 2,14,11,293/- | 1,80,97,937/- | 33,13,356/- |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | -0- | -0- | -0- | -0- |
| സാക്ഷരത | 5,155/- | 104/- | 5,259/- | -0- | 5,259/- |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 7,168/- | 296/- | 7,464/- | -0- | 7,464/- |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | -0- | 8,99,38,692/- | 8,99,38,692/- | 8,99,38,692/- | -0- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6,657/- | 14,04,780/- | 14,11,437/- | 14,08,165/- | 3,272/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| 1.ടോട്ടൽ സാനിട്ടേഷൻ | | 13,66,345/- | 20,95,517/- | 34,61,862/- | 2,30,000/- | 32,31,862/- |
| 2.ഡബ്ല്യ.ജി.ഡി.പി | | 18,93,225/- | 75,980/- | 19,69,205/- | 19,69,205/- | -0- |
| 3.ഐ.സി.ഡി.എസ്. | | 22,38,238/- | 28,05,501/- | 50,43,739/- | 11,47,926/- | 38,95,813/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| 1.അലോപ്പതി | | -0- | 22,350/- | 22,350/- | 12,300/- | 10,050/- |
| 2.കിന്റർഗാർട്ടൻ | | -0- | 1,91,743/- | 1,91,743/- | 1,91,743/- | -0- |
| 3.എസ്.ബി.ഐ.-പ്ലാൻ ഇംപ്രസ്റ്റ്, ജെ.പി.പി., പെൻഷൻ, യൂറോ കമ്മീഷൻ, റ്റി.സി.അക്കൗണ്ട് | | 4,78,974/- | 13,698/- | 4,92,672/- | -0- | 4,92,672/- |
| 4.കേരളോത്സവം | | -0- | 20,000/- | 20,000/- | -0- | 20,000/- |
| 5.ബഡ്സ് സ്കൂൾ | | -0- | 12,50,000/- | 12,50,000/- | -0- | 12,50,000/- |
| 6.വിമുക്തി | | 25,000/- | 37,500/- | 62,500/- | 37,640/- | 24,860/- |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -0- | 75,46,206/- | 75,46,206/- | 62,00,000/- | 13,46,206/- |
| | ജില്ലാ പഞ്ചായത്ത് | -0- | 83,65,267/- | 83,65,267/- | 78,53,450/- | 5,11,817/- |
| ബി ഫണ്ട് | | -0- | 11,01,68,720/- | 11,01,68,720/- | 11,01,68,720/- | -0- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -0- | 1,81,36,243/- | 1,81,36,243/- | 86,54,581/- | 94,97,071/- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9,17,347/- | 15,49,49,475/- | 15,58,66,822/- | 15,47,97,868/- | 10,68,954/- |
| | ട്രഷറി അക്കൗണ്ട് | 20,55,183/- | 1,81,36,243/- | 2,01,91,426/- | 1,07,19,064/- | 94,72,362/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 32,78,38,768/- | 236 | 16,61,79,855/- | 0 | 58 | 50.69 |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>**

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,657/- | 14,04,780/- | 14,11,437/- | 14,08,165/- | 3,272/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -0- | 8,99,38,692/- | 8,99,38,692/- | 8,99,38,692/- | -0- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,87,720/- | 262 |
| കർഷകതൊഴിലാളി പെൻഷൻ | 71,08,400/- | 539 |
| വിധവാപെൻഷൻ | 3,88,00,700/- | 3160 |
| വാർദ്ധക്യകാലപെൻഷൻ | 5,26,01,500/- | 4517 |
| വികലാംഗപെൻഷൻ | 1,04,62,400/- | 849 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,78,000/- | 24 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/09/2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,035/- രൂപയുടെ (പതിനേഴായിരത്തി മുപ്പത്തിയഞ്ച് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക്

കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട്ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നു. ആസ്തിയിലുൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ഒഴിവാക്കുന്നതിനായി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. റോഡ്കണക്ടിവിറ്റി പ്ലാൻ ,സോഷ്യൽമാപ്പ് ഇവ കാലികമല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

സ്ഥിരം സമിതികളുടെ പ്രവർത്തനം

ധനകാര്യ സ്ഥിരം സമിതി

പ്രതിമാസ ചെലവുകൾ കൃത്യമായി പരിശോധിച്ച് അംഗീകരിച്ചുവരുന്നു. നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഫലപ്രദമായി ഇടപെടുന്നു. പുതിയ ധനാഗമ മാർഗ്ഗങ്ങൾ കൂടി കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

വികസനകാര്യ സ്ഥിരം സമിതി

വികസനകാര്യ സ്ഥിരം സമിതിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതിയായി മാറി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിന്റെ അനിവാര്യ ഘടകമാണ് മോണിറ്ററിംഗ്. ആയത് കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്ഥിരം സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.08.2019 | 2019 ഏപ്രിൽ- ജൂൺ | 06.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2018 മുതൽ 23.04.2018 വരെ | 2013-14 മുതൽ 2017-18 വരെ | 29.06.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. RP-I Profession Tax- Employees തുക AFS- രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. RP-43 പ്രകാരം Rent Receivables from buildings (Current) വരവ് 1,37,664/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ 1,54,934/- രൂപയുടെ വരവുണ്ട്.

3. ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള Rent Receivables from buildings (Current), Rent Receivables from buildings(Arrears) എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4. State Sponsored Scheme- National Old Age pension-5,26,01,500/- രൂപ I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

Discripancies/Deficiencies

1. The amount of profession tax in Annual financial statement (RPI) not agree with the concerned Registers.
2. Rent receivable from building (current) as per RP43 is Rs-1,37,664/- but in rent registers the figures is Rs – 1,54,934/-
3. The figures in Balance Sheet B15 schedule of Rent receivables from buildings (current), Rent receivables from buildings (Arrears) are not agree with the concerned registers.
4. The state sponsered scheme – National oldage pension – Rs. 5,26,01,500/- is not included in I-6 schedule of Annual financial statement.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ജീവനക്കാരുടെ തൊഴിൽ നികുതി രജസ്ററർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-2019 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എ.പി.ആർ.എം സ്കൂൾ, ചിതറ | I & II |
| 2 | അക്ഷയ്. എം. സാന്റ് , ചിതറ | I & II |
| 3 | കെ.പി. ക്രഷർ & ക്വാറി, ചിതറ | I & II |
| 4 | മൂൺ ക്രഷർ & ക്വാറി ലിമിറ്റഡ് ചിതറ | I & II |
| 5 | ഇ.റ്റി. പൊയ്ക ക്രഷർ യൂണിറ്റ്, ചിതറ | I & II |
| | | |

| | | |
|---|---|---|
| 6 | സത്യം ഗ്രാനൈറ്റ് ഇൻഡസ്ട്രീസ്, ചിതറ | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയത്തിനായി കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണവും കണക്കാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 2(എഫ്) പ്രകാരം കെട്ടിട നികുതി കണക്കാക്കുന്നതിലേക്കായി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം എടുക്കുമ്പോൾ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പടെ) വിസ്തീർണ്ണം അളക്കേണ്ടതും ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ രണ്ടാം വാർഡിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചിതറ സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിടത്തിന്റെ വസ്തുനികുതി 2018-19വർഷം നിർണ്ണയിച്ചപ്പോൾ ഈ ചട്ടങ്ങൾ പാലിച്ചിരുന്നില്ല. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള കംപ്ലീറ്റഡ് പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ആകെ നിർമ്മിതവിസ്തീർണ്ണം 1575.58 $m^2$ ആണ്. എന്നാൽ 1087.32 $m^2$ നു (കെട്ടിട നം. 430 D മുതൽ 430 P വരെ) മാത്രമേ ഗ്രാമപഞ്ചായത്തിൽ നിന്നും വസ്തുനികുതി നിർണ്ണയിച്ച് നൽകിയിരുന്നുള്ളൂ. ബാക്കിയുള്ള 488.26 $m^2$ നു നികുതി നിർണ്ണയിച്ച് ഈടാക്കാതിരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 1575.58 $m^2$ ആയി കണക്കാക്കി 04.10.2019ൽ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ നിന്നും 2018-19 വർഷം ലഭിക്കാനുള്ള കുടിശ്ശിക വസ്തുനികുതി ഈടാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.14

04.10.2019

## 1-14 വസ്തുനികുതി-സഞ്ചയയും സാംഖ്യയുമായി പൊരുത്തക്കേട്

A) തൻവർഷ ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവയിൽ പൊരുത്തക്കേട്

2018-19 വർഷത്തെ തൻവർഷ വസ്തുനികുതിയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയിലും സഞ്ചയ സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ട് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വസ്തു നികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 48,07,114/- | 39,36,281/- | 12,20,452/- |
| സഞ്ചയ പ്രകാരം | 50,56,336/- | 39,51,724/- | 11,04,612/- |
| വ്യത്യാസം | 2,49,222/- | 15,443/- | 1,15,840/- |

B) കുടിശ്ശിക ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവയിൽ പൊരുത്തക്കേട്

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 26,39,711/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായിട്ടുള്ള 2018-19 വർഷത്തെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം വസ്തുനികുതി ഇനത്തിൽ 25,50,047/- രൂപയുടെ കുടിശ്ശിക മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കുടിശ്ശിക വസ്തുനികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയ പ്രകാരവും 89,664/- രൂപയുടെ വ്യത്യാസം കാണുന്നു.

C) സപ്ലിമെന്ററി അസസ്മെന്റിന് ആനുപാതികമായി തൻവർഷ ഡിമാന്റിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ ഉൾപ്പടെ) 46,25,289/- രൂപയുടെ ഡിമാന്റ് ഉണ്ടായിരുന്നു. സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷം പുതുതായി നിർമ്മിക്കപ്പെട്ടിട്ടുള്ള റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 11,06,991/- രൂപയുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. ആയതുൾപ്പടെ 2018-19 വർഷം വസ്തുനികുതി ഇനത്തിൽ ആകെ 57,32,280/- രൂപയുടെ ഡിമാന്റ് വരേണ്ടതാണ്. എന്നാൽ 48,07,114/- ഈ ഇനത്തിൽ 2018-19 വർഷം ഡിമാന്റായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയിട്ടുള്ളതാണ് പ്രസ്തുത അപാകതകൾക്ക് കാരണമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15

04.10.2019

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി രജസ്ററർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-2019 വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി. ഇലക്ക്ട്രിക്കൽ ഡിവിഷൻ ചിതറ | I & II |
| 2 | ബി.എസ്.എൻ.എൽ. ചിതറ | I & II |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, ചിതറ | I & II |
| | | |

| | | |
|---|---|---|
| 4 | എൻ.എൻ.ഹോസ്പിറ്റൽ, ചിതറ | I & II |
| 5 | കേരള ഗ്രാമീൺ ബാങ്ക്, മടത്തറ | I & II |
| 6 | എസ്.എസ്.ഫ്യൂവൽസ്, ചിതറ | I & II |
| 7 | കൊല്ലം ജില്ലാ സഹകരണ ബാങ്ക്, ചിതറ | I |
| 8 | മിനി മുത്തൂറ്റ് നിധി(കെ) ലിമിറ്റഡ്, ചിതറ | I & II |
| 9 | ചിതറ റൂറൽ സഹകരണ ബാങ്ക്, ചിതറ | I & II |
| 10 | എ.പി.ആർ.എം സ്കൂൾ, ചിതറ | I & II |
| 11 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, മടത്തറ | I & II |
| 12 | മാവേലി സ്റ്റോർ, മടത്തറ | I & II |
| 13 | ശ്രീകൃഷ്ണ ഡെന്റൽ ക്ലിനിക്, ചിതറ | I & II |
| 14 | ഐറിസ് ഓഡിറ്റോറിയം, ചിതറ കിഴക്കുംഭാഗം | I & II |
| 15 | ഷാബാസ്ഓഡിറ്റോറിയം, ചിതറ | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 18/07.10.2019 |

## 1-16 ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടക ഈടാക്കുന്നതിലെ അപാകതകൾ

I. രജസ്ററർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-2019 വാടക ഈടാക്കിയിട്ടില്ല.

**എ. കിഴക്കുംഭാഗം ഷോപ്പിംഗ് കോംപ്ലക്സ് (മാർക്കറ്റ്)**

| ക്രമനമ്പർ | കടമുറി നമ്പർ | സ്ഥാപനത്തിന്റെ / ഉടമയുടെ പേര് | വാടക തുക/ ഈടാക്കാനുള്ള മാസങ്ങൾ |
|---|---|---|---|
| 1 | 1 | ആർട്സ് & സ്പോർട്സ് ക്ലബ് | 423 x 12 |
| 2 | 2 | വി.എഫ്.പി.സി.കെ | 423 x 12 |
| 3 | 3 | സൽമബീവി | 423 x 8 |

**ബി. ചക്കമല ഷോപ്പിംഗ് കോംപ്ലക്സ്**

| ക്രമനമ്പർ | കടമുറി നമ്പർ | സ്ഥാപനത്തിന്റെ / ഉടമയുടെ പേര് | വാടക തുക/ ഈടാക്കാനുള്ള മാസങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1 | ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 435 x 12 |
| 2 | 2 | സുരേന്ദ്രൻ | 435 x 12 |
| 3 | 3 | അബ്ദുൾ റഹീം | 435 x 12 |
| 4 | 4 | സഫീന ബീവി | 435 x 7 |
| 5 | 5 | ബിജു. | 435 x 12 |

II. കിഴക്കുംഭാഗം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബിൽഡിംഗ് ) റൂം നമ്പർ 2 , റൂം നമ്പർ 6, 7 എന്നിവ ലേലം ചെയ്ത് നൽകിയിട്ടില്ല

III. ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ സംബന്ധിച്ച വിവരങ്ങൾ അതിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച വിവരം കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ പരിപാലനം കൃത്യമല്ല.

IV. മാർക്കറ്റിലെ 7 കടമുറികൾ ലേലം ചെയ്യാതെയും കൃത്യമായ പരിപാലനം ഇല്ലാതെയും നശിക്കുന്നു. കടമുറികൾക്ക് മുൻവശം മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. മാർക്കറ്റിലെ മാലിന്യങ്ങൾ നീക്കംചെത് നശിപ്പിക്കുന്നതിന് കൃത്യമായ മാർഗ്ഗങ്ങൾ ഇല്ല.

V. ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ലൈസൻസ് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിക്കുന്ന അപാകതകൾക്ക് മറുപടി നൽകേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തണം

രാജ്യത്തിലെ ജനങ്ങളിൽ കായിക തൊഴിൽ ചെയ്യുവാൻ സന്നദ്ധതയുള്ളവർക്ക് ഒരു വർഷം 100 ദിവസം തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2018-19 വർഷം 3806 കുടുംബങ്ങൾക്കായി 280765 മനുഷ്യ ദിനങ്ങൾ തൊഴിൽ നൽകുകയും 1793 കുടുംബങ്ങൾക്ക് നൂറ് ദിന തൊഴിൽ പൂർത്തീകരിക്കാനും സാധിച്ചു. 90558692/- രൂപ ആകെ ചെലവ് ചെയ്തു. നിർവഹണത്തിൽ പ്രധാന പങ്കും ഭവന നിർമാണം, ശൗചാലയ നിർമ്മാണം, മഴക്കുഴി നിർമ്മാണം, കാലി തൊഴുത്ത് നിർമ്മാണം, കയ്യാല നിർമ്മാണം എന്നിവയ്ക്കായാണ് നീക്കിവെച്ചത്. 2018-19 ലെ പദ്ധതി മാർഗരേഖ പ്രകാരമുള്ള പ്രകൃതി വിഭവ സംരക്ഷണം, മാലിന്യനിർമാർജനം എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകും വിധമുള്ള പ്രവർത്തനങ്ങൾ നിർവഹിച്ചു കണ്ടില്ല.

**2018-19 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

1. അപേക്ഷകൻ ലഭ്യമാക്കിയ രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള എല്ലാ രേഖകളും ഫയലിൽ ചേർത്തിട്ടില്ല.
3. സൈറ്റ് ഡയറി വിവരങ്ങൾ പൂർണ്ണമല്ല. ഇതിനാൽ തന്നെ വിവിധ പ്രവൃത്തികളെ സംബന്ധിച്ചുള്ളള ഫലപ്രദമായ വിലയിരുത്തൽ സാധ്യമാകാത്ത സ്ഥിതിയുണ്ട് .
4. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. ദേശീയപ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്.
5. ആസ്തി രജിസ്റ്ററിൽ കയ്യാല നിർമ്മാണം മഴക്കുഴി നിർമ്മാണം തുടങ്ങി പ്രസക്തമല്ലാത്തവ ചേർത്തിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ യഥാർത്ഥത്തിൽ സൃഷ്ടിച്ചിട്ടുള്ള് ആസ്തികൾ മാത്രം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
6. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.
7. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.
8 മസ്റ്റർ റോൾ രേഖപ്പെടുത്തലുകൾ കൂടുതൽ കൃത്യതയോടെ ചെയ്യേണ്ടതും യഥാസമയം പരിശോധനാ വിധേയമാക്കേണ്ടതുമുണ്ട്. വെട്ടി തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ് .
9. എം ബുക്ക് രേഖപ്പെടുത്തലുകൾ കൃത്യതയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-18 "കശുമാവിൻതൈ നടീലും പരിപാലനവും പദ്ധതി" പ്രശംസനാർഹം

ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കശുവണ്ടിവികസനം എന്ന ലക്ഷ്യം മുന്നിൽകണ്ട് ചിതറ ഓയിൽ പാമിൽ "കശുമാവിൻതൈ നടീലും പരിപാലനവും" എന്ന പദ്ധതി MGNREGS മുഖേന നടപ്പിലാക്കിവരുന്നത് തികച്ചും ശ്ലാഘനീയമാണ്. 22 ഹെക്ടറിലായി 11KV ലൈൻ കടന്നുപോകുന്ന ഭാഗം ഫലപ്രദമായി ഉപയുക്തമാക്കിക്കൊണ്ടാണ്

പദ്ധതിനിർവഹണം. 2018-19 വർഷം ഏകദേശം 4500 കശുമാവിൻതൈകളാണ് നട്ടുപിടുപ്പിച്ചത്. 96,63,498/-രൂപ ഈ സംരംഭത്തിനായി ചെലവ് ചെയ്തിട്ടുണ്ട്.11KV ലൈൻ കടന്നുപോകുന്ന അതിവിശാലമായ ഫലഭൂയിഷ്ഠമായ ഭൂപ്രദേശം കാർഷികയോഗ്യമാക്കി ക്രമീകരിച്ചിട്ടുള്ളത് പദ്ധതി ആസൂത്രണത്തിലെ മികവാണ്. കശുമാവിൻതൈ നടീലും മൂന്നുവർഷക്കാലത്തെ പരിചരണവുമാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.പദ്ധതി നിർവഹണത്തിൻറെ പൂർണ്ണത തുടർച്ചയായ പരിപാലനത്തെ ആശ്രയിച്ചിരിക്കുന്നു.വന്യജീവികളുടെ ആക്രമണത്തിൽ നിന്നും നാണ്യവിളയുടെ സംരക്ഷണം ഉറപ്പാക്കും വിധമുള്ള പ്രവർത്തനങ്ങൾ കൂടി കാര്യക്ഷമമായി നടപ്പിലാക്കി ഈ മഹത്തായ സംരംഭം വിജയത്തിലേക്ക് എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-19 തരിശു ഭൂമിയിൽ പച്ചക്കറി കൃഷി - പ്രവർത്തനം കാര്യക്ഷമമായില്ല

പ്രോജക്ട് - 208/19

അടങ്കൽ തുക - 1, 80,000/- രൂപ

ചെലവ് - 6,000/-

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ചിതറ ഗ്രാമ പഞ്ചായത്തിലെ 6 ഹെക്ടർ തരിശ് സ്ഥലം കൃഷിയോഗ്യമാക്കുന്നതിനായി പച്ചക്കറി കൃഷിചെയ്യാൻ താല്പര്യമുള്ള ഉള്ള കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ കൂട്ടായ്മകൾ,സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്കായി ഹെക്ടറൊന്നിന് 30,000/- രൂപ വീതം നല്കുന്നതാണ് പദ്ധതി. തൻവർഷം പദ്ധതി നിർവഹണം നടത്തിയ ഇനത്തിൽ ആകെ 6,000/- രൂ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത് .വ്യക്തമായ ആസൂത്രണത്തോടെ പദ്ധതി നടപ്പാക്കി കാണുന്നില്ല. 23 വാർഡുകളിലായി ആകെ 134 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്ന വെങ്കിലും ഗുണഭോക്താക്കൾ ആരുംതന്നെ പദ്ധതി നടപ്പിൽ വരുത്തുന്നതിൽ വേണ്ടത്ര താല്പര്യം കാണിച്ചില്ല.ദീർഘവീക്ഷണത്തോടെയും ആസൂത്രണ മികവോടെയും പദ്ധതി നിർവഹണം നടത്തിയിരുന്നെങ്കിൽ ഇത്തരം ഒരു അവസ്ഥ സംജാതമാകുമായിരുന്നില്ല. കൃഷി ഓഫീസർ നിർവഹണം നടത്തിയ ഒട്ടുമിക്ക പദ്ധതികളും ചട്ടപ്രകാരം നിർവഹിച്ചുവെങ്കിലും ഫലപ്രാപ്തിയിലെത്തിയതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കാർഷികമേഖലയിൽ നടപ്പിൽ വരുത്തുന്ന എല്ലാ പദ്ധതികളും ശരിയായവിധത്തിൽ മോണിറ്ററിംഗ് നടത്തി കാർഷികമേഖലയുടെ അഭിവൃദ്ധിക്ക് സഹായകരമാകും വിധം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കാർഷികമേഖലയുടെ ഉന്നമനം - അധികാരികളുടെ കൂടുതൽ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകണം.

2018-19 ൽ ആകെ പദ്ധതി വിഹിതത്തിന്റെ 60% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഭൂ

ഉടമസ്ഥർ കർഷകഗ്രൂപ്പുകൾക്ക് ഭൂമി പാട്ടത്തിന് നല്കാൻ വിമുഖത കാണിച്ചത് തരിശു ഭൂമിയിലെ പച്ചക്കറി കൃഷി നടപ്പിൽ വരുത്തുന്നതിന് വിഘാതമുണ്ടാക്കി. ഗ്രാമ പഞ്ചായത്തിൽ നിലനില്ക്കുന്ന വന്യജീവികളുടെ വ്യാപകമായ ആക്രമണം കാർഷിക വിള വികസനത്തെ പ്രതികൂലമായി ബാധിക്കുന്നതായി കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. നെൽകൃഷിയുടെ വ്യാപ്തി കുറഞ്ഞുവരുന്ന സാഹചര്യവുമുണ്ട്. കാട്ടുപന്നികളുടെയും കുരങ്ങുകളുടെയും ഉപദ്രവം വ്യാപകമായി ഉള്ളതിനാൽ കൃഷി നഷ്ടം ഗണ്യമായി കൂടി വരുന്നുണ്ട്. വനം വകുപ്പിന്റെ കൂടി പിന്തുണ ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ പ്രശ്നപരിഹാരം സാധിതമാക്കുകയുള്ളൂവെന്ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. കാർഷിക ഗ്രാമമായ ചിതറ ഗ്രാമപഞ്ചായത്തിന്റെ കർഷകത്തനിമ നിലനിർത്താനാവശ്യമായ ഫല പ്രദമായ ഇടപെടലുകൾ ഉണ്ടാകുന്നതിലേക്ക് ഭരണ നിർവഹണ വിഭാഗങ്ങളുടെ കാര്യക്ഷമമായ ഇടപെടലുകൾ അനിവാര്യമാണ്..

## 1-21 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1) ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. 2018-19 സാമ്പത്തിക വർഷം വരെ ഇപ്രകാരം ലഭിക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള വിശദവിവരം താഴെകൊടുക്കുന്നു

2016-17 സാമ്പത്തിക വർഷം -31,910/- രൂപ

2017-18 സാമ്പത്തിക വർഷം 1,47,900/- രൂപ

2018-19 സാമ്പത്തിക വർഷം -80,388/- രൂപ

ആകെ – 2,60,198/-

തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ് ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾസ്വീകരിക്കേണ്ടതാണ്.

2. 2018-19 സാമ്പത്തിക വർഷം ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾക്ക് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിച്ചിട്ടില്ല. ടെണ്ടർ ക്ഷണിച്ച മിക്ക പ്രവൃത്തികൾക്കും 2 ടെണ്ടർ വീതമാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ഒരു ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിലുള്ളതും, ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.1%/ കുറവ് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടറും ആണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സുതാര്യവും ,മത്സര സ്വഭാവമുള്ളതും ആക്കുന്നതിനും, പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മോണിറ്ററിംഗ് ചെയ്യുന്നില്ല.. ഫലപ്രദമായ മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തി മാത്രമേ അന്തിമബിൽ തുക കരാറുകാരന് നല്കുവാൻ പാടുള്ളൂ. വികസനകാര്യ സ്ഥിരം സമിതിയുടെ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

4. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. പ്രധാന പാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനു പകരം ഫലപ്രദമല്ലാത്ത 50 മീറ്ററിൽ താഴെയുള്ള കോൺക്രീറ്റിംഗ് റോഡുകളുടെ നിർമ്മാണമാണ് തൻവർഷവും നടത്തിയിട്ടുള്ളത്. ടി വിഷയത്തിലും വികസനകാര്യ സ്ഥിരം സമിതിയുടെ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-22 ചക്കമലയിലെ ഫ്ലാറ്റ് സമുച്ചയം കാടുകയറി നശിക്കുന്നു - അടിസ്ഥാന സൗകര്യം ലഭ്യമാക്കി ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കണം



(ചക്കമല ഫ്ലാറ്റിന്റെ നിലവിലെ അവസ്ഥ)

ചിതറ ഗ്രാമ പഞ്ചായത്തിന്റെ റോഡു പുറം പോക്കിൽ കുടിൽകെട്ടി താമസിച്ചുവരുന്ന 10 പൊതു വിഭാഗം കുടുബങ്ങളേയും 10 പട്ടിക ജാതി വിഭാഗം കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം നിർമ്മാണം ആരംഭിച്ച്, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെകൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിച്ചതാണ് ചക്കമലയിലെ ഫ്ലാറ്റ് സമുച്ചയം.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചക്കമലയിലെ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 61,75,000/- രൂപ നല്കി. 20-05-2015 ൽ ഭവന നിർമ്മാണ ബോർഡ് പണി പൂർത്തീകരിച്ച് ഭവന സമുച്ചയം പഞ്ചായത്തിന് കൈമാറി കൂടാതെ ഭവന സമുച്ചയവുമായി ബന്ധപ്പെട്ട വിവിധ അനുബന്ധ പ്രവർത്തനങ്ങൾക്കായി 31,42,321/- രൂപ (പ്രോജക്റ്റ് നം 130/14, 131/14, 139/15, 140/15, 247/19) ചെലവഴിച്ചിട്ടുണ്ട്. ചക്കമലയിലെ ഭവന സമുച്ചയവുമായി ബന്ധപ്പെട്ട് ആകെ 93,17,321/- രൂപ 2018-19 സാമ്പത്തിക വർഷം വരെ ചെലവഴിച്ചിട്ടുണ്ട്.

നേരിട്ടുള്ള പരിശോധനയിൽ ഭവന സമുച്ചയം കാടുകയറി നശിക്കുന്ന അവസ്ഥയിലാണ് കാണപ്പെട്ടിട്ടുള്ളത്. നിലവിൽ ഭവന സമുച്ചയത്തിൽ ആരും തന്നെ താമസിച്ചുവരുന്നില്ല . വാസയോഗ്യമല്ലാത്ത ഇടുങ്ങിയ മുറികളാണ് ഭവനസമുച്ചയത്തിലുള്ളത്. കൂടാതെ വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന

സൗകര്യങ്ങളും ലഭ്യമാക്കിയിട്ടില്ല. 20 ഗുണഭോക്തൃ കുടുംബങ്ങളെ ഭവന സമുച്ചയം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനായി ആരംഭിച്ച പ്രോജക്റ്റ് പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഗുണഭോക്താക്കൾക്ക് നല്കാൻ കഴിയാതിരിക്കുന്നു.

ഭവന സമുച്ചയത്തിന്റെ അവസ്ഥ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16, 05-10-2019) മറുപടി ലഭ്യമാക്കിയില്ല.

ഭവന സമുച്ചയത്തിൽ വെള്ളം, വൈദ്യുതി, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി മറ്റ് അപാകതകൾ ഉണ്ടെങ്കിൽ ആയതും പരിഹരിച്ച് ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭവന സമുച്ചയത്തിന്റെ നിലവിലെ അവസ്ഥ മുകളിൽ കൊടുത്തിരിക്കുന്നു.

## 1-23 ഐരക്കുഴി പൊതു മാർക്കറ്റ് നിർമ്മാണം, സ്റ്റാക്ക് ചെയ്തിരിക്കുന്ന 7.5 ഘ. മീ റബ്ബിൾ ലേലം ചെയ്തു കൊടുത്തിട്ടില്ല.

പ്രവൃത്തിയുടെ പേര് - ഐരക്കുഴി പൊതു മാർക്കറ്റ് നിർമ്മാണം

അളവു പുസ്തകം- 152/18-19

ടി പ്രവൃത്തിയുടെ അളവു പുസ്തകം 152/18-19 പേജ് നം 8 ലെ രേഖപ്പെടുത്തൽ പ്രകാരം 23.96 ഘ. മീ റബ്ബിൾ സ്റ്റാക്ക് ചെയ്തതിൽ 16.43 ഘ. മീ. പ്രവൃത്തിയിൽ ഉപയോഗിച്ചുവെന്നും, 7.5 ഘ.മീ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു.16-10-2018 ൽ അസി. എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ കത്തിൽ ടി 7.5 ഘ.മീ റബ്ബിൾ ലേലം ചെയ്യുകയോ തുക കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്യാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11, തീ-03-10-2019) റബ്ബിൾ ലേലം ചെയ്യുന്നതിന് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ടെന്നും, സ്റ്റാക്ക് ചെയ്ത അളവ് റബ്ബിൾ ആവശ്യമില്ലെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ടെന്നും അസി. എഞ്ചിനീയർ മറുപടി നല്കി.

ഐരക്കുഴി പൊതു മാർക്കറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്റ്റാക്ക് ചെയ്തിട്ടുള്ള 7.5 ഘ. മീ. റബ്ബിൾ ലേലം ചെയ്ത് തുക മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 കേരള ജല അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട വെള്ളക്കര കുടിശ്ശിക , പിഴപ്പലിശ ഇനത്തിൽ വൻ തുക ഒടുക്കുവരുത്തേണ്ടതായി വരുന്നു.

കേരളാ ജല അതോറിറ്റി, കൊട്ടാരക്കരയുടെ 16-04-2018 ലെ ബിൽ നമ്പർ 25046 പ്രകാരം 31-03-2019 ൽ വെള്ളക്കരം ഇനത്തിൽ കേരളാ ജല അതോറിറ്റിക്ക് ചിതറ ഗ്രാമ പഞ്ചായത്ത് നല്കേണ്ട കുടിശ്ശിക തുക 75,80,201/- രൂപായാണ്. 201 ടാപ്പുകൾക്ക് പ്രതിമാസം 91,875/- രൂപായാണ് വെള്ളക്കരം ഇനത്തിൽ ഒടുക്കുവരുത്തേണ്ടത്. 2018-19 സാമ്പത്തിക വർഷം 12 മാസങ്ങളിലായി 12x91875=1102500 രൂപ വെള്ളക്കരം ഇനത്തിൽ കേരളാ ജല അതോറിറ്റി യിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. കൂടാതെ 326/19, കേരള ജല അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട വെള്ളക്കര കുടിശ്ശിക എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി താഴെക്കൊടുത്തിരിക്കും പ്രകാരം തുക ഒടുക്കുവരുത്തിയിട്ടുള്ളതായി സുലേഖ ചെലവുകണക്കുകളിൽ കാണുന്നു

വികസന ഫണ്ട് - 2,83,838/- രൂപ

തനത് ഫണ്ട് – 2,63,022/- രൂപ

ആകെ – 5,46,860/- രൂപ

(ടി പ്രോജക്ടിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല )

ഇതുപ്രകാരം തൻവർഷം 11,02,500+5,46,860=16,49,360/- രൂപ കേരളാ ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

കേരളാ ജല അതോറിറ്റി, കൊട്ടാരക്കരയുടെ 14-03-2019 ലെ ബിൽ നമ്പർ 33266 പ്രകാരം 31-03-2019 ൽ വെള്ളക്കരം ഇനത്തിൽ കേരളാ ജല അതോറിറ്റിക്ക് ചിതറ ഗ്രാമ പഞ്ചായത്ത് നല്കേണ്ട കുടിശ്ശിക തുക 93,68,421/- രൂപയാണ്. പിഴ പലിശ ഇനത്തിൽ കേരളാ ജല അതോറിറ്റി, 2018-19 സാമ്പത്തിക വർഷം (93,68,421-75,80,201)+5,46,860=23,35,080/- രൂപ കണക്കാക്കിയിരിക്കുന്നു. പ്രതിമാസം 24% നിരക്കിൽ പിഴപ്പലിശ കണക്കാക്കി ബില്ല് നല്കിവരുന്നു..

ഫയലുകൾ പരിശോധിച്ചതിൽ കേരളാ ജല അതോറിറ്റിയുടെ റവന്യൂ അദാലത്തിൽ വാട്ടർ കണക്ഷൻ തുക കുറവു ചെയ്തു നല്കുന്നതിന് ഹാജരാകാൻ നിർദ്ദേശിച്ച് കത്തുനല്കിയിരുന്നെങ്കിലും പഞ്ചായത്ത് അവസരം വിനിയോഗിച്ചിട്ടില്ലായെന്ന് കാണുന്നു.

തനതുഫണ്ടിൽ മതിയായ തുക ഉണ്ടായിരുന്നിട്ടും, കേരളാ ജല അതോറിറ്റിയുടെ റവന്യൂ അദാലത്തിൽ പങ്കെടുത്ത് തുക കുറവു ചെയ്ത് കിട്ടുന്നതിന് അവസരം ഉണ്ടായിരുന്നിട്ടും വെള്ളക്കര കുടിശ്ശിക ഒടുക്കാതെ വൻ പിഴ പലിശ ഒടുക്കേണ്ടുന്ന സാഹചര്യം ഉണ്ടാക്കിയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചും 326/19, കേരള ജല അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട വെള്ളക്കര കുടിശ്ശിക എന്ന പ്രോജക്ടിന്റെ ഫയലുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും കാണിച്ചും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10, തീ. 03-10-2019) വ്യക്തമായ മറുപടി നല്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സുസ്ഥിരത പോലും അപകടത്തിലാക്കുന്ന രീതിയിൽ വൻതുക വെള്ളക്കര കുടിശ്ശിക പിഴപ്പലിശ ഇനത്തിൽ നല്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. കേരളാ ജല അതോറിറ്റിയുടെ റവന്യൂ അദാലത്ത് പോലെയുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വെള്ളക്കര കുടിശ്ശിക അടച്ചു തീർക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതി- അവലോകനം

2018-19 വർഷം അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള ലൈഫ് ഭവനപദ്ധതിയിലൂടെ പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി ആകെ 36 ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കായി ഒരു ഗുണഭോക്താവിനും ആനുകൂല്യം നല്കി. പട്ടികജാതി വിഭാഗത്തിലുള്ള 17 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. ബാക്കിയുള്ള 19 ഗുണഭോക്താക്കൾക്ക് മൂന്നാം ഘട്ടം വരെയുള്ള ധനസഹായം നല്കിയിട്ടുണ്ട്. പദ്ധതി നിർവഹണം തുടർന്നുവരുന്നു. പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താവിന് അവസാനഗഡു മാത്രമാണ് നല്കാനവശേഷിക്കുന്നത്. 2018-19 കാലയളവിൽ അനുവദിച്ച ആനുകൂല്യങ്ങളുടെ 47 ശതമാനം മാത്രമാണ് പൂർണമായും ഫലപ്രാപ്തിയിലെത്തിയത്. പദ്ധതിനിർവഹണം യഥാസമയം തന്നെ പൂർത്തീകരിക്കുന്ന സാഹചര്യം സംജാതമാക്കുന്നതിലേക്കായി തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-26 മെഡിക്കൽ ഓഫീസർ (അലോപ്പതി) നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (അലോപ്പതി) എന്നിവർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകൾ പ്രകാരം പി.എച്ച്.സി.യിലേക്ക് ലഭ്യമാകേണ്ട മുഴുവൻ മരുന്നുകളും ഇതുവരെയും ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെയും ചെലവഴിച്ചിട്ടുള്ള തുകയുടെയും വിശദാംശങ്ങളും ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടുള്ള മരുന്നുകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവഴിച്ച തുക/ ഫണ്ടിനം | ബിൽ നം.& തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | ലഭ്യമാക്കിയ മരുന്നുകളുടെ വില | ലഭ്യമാകാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയറിനായി മരുന്ന് വാങ്ങൽ പ്രോജക്ട് നം.S0096/18 | 2,50,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 04/ 18-19 Dtd:18.01.19 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേറ്റീവ് ലിമിറ്റഡ് | 1,92,417/- | 57,583/- |
| പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | 8,00,000/- | 03/ | കേരള മെഡിക്കൽ സർവ്വീസ് | 7,47,944/- | 52,056/- |

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട് നം.S0097/18 | (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | 18-19 Dtd:18.01.19 | കോർപ്പറേറ്റീവ് ലിമിറ്റഡ് | | |
| ഇൻഹെയ്‌ലർ മെഡിസിൻ പർച്ചേസ് പ്രോജക്ട് നം.S0098/18 | 2,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | 05/ 18-19 Dtd:18.01.19 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേറ്റീവ് ലിമിറ്റഡ് | 1,51,252/- | 48,748/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.13

04.10.2019

## 1-27 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

2018-2019 വർഷം പ്രധാന അദ്ധ്യാപകൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം**

| | |
|---|---|
| പദ്ധതി നമ്പർ | 254/2019 |
| പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| ഫണ്ട് | വികസന ഫണ്ട് (ടി.എസ്.പി) |
| ബിൽ നമ്പർ, തുക | 01/2018-2019/18.12.2019 തുക 1,98,850 |

പദ്ധതിയിൽ 41 വിദ്യാർത്ഥികൾക്കായി മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട് സ്കൂളുകളിൽ നിന്ന് ലിസ്റ്റ് വാങ്ങിയാണ് വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ ഈ ഗുണഭോക്താക്കൾ ഈ ഗ്രാമ പഞ്ചായത്ത് നിവാസികളാണോ എന്നത് വ്യക്തമല്ല. കൂടാതെ ഈ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ അത്തരത്തിൽ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. ഈ വിവരം ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ ഗ്രാമസഭാ മിനിട്സ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക 1,98,850/- രൂപ. ഗ്രാമസഭ അംഗീകാരം പഞ്ചായത്തിൽ താമസക്കാരാണെന്ന് ഉള്ള രേഖകൾ ഹാജരാക്കുന്നത് വരെ തടസ്സത്തിൽ വയക്കുന്നു.

**2. തുല്യതാ പരീക്ഷ**

| | |
|---|---|
| പദ്ധതി നമ്പർ | 157/2019 |
| പേര് | തുല്യതാ പരീക്ഷ |
| ഫണ്ട് | വികസന ഫണ്ട് |
| ബിൽ നമ്പർ, തുക | 03/2018-2019/18.12.2019 തുക 60,000/- |

മേൽ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും 10ാം തരം തുല്യതാ പരീക്ഷയ്ക്കായി 10 ഗുണഭോക്താക്കൾക്കും 12ാം തരം തുല്യതാ പരീക്ഷയ്ക്കായി 6 ഗുണഭോക്താക്കൾക്കുമായി കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേയ്ക്ക് 60,000/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ എന്നാൽ ഈ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന രേഖകളും പദ്ധതി തുടർ പ്രവർത്തന രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിവരം ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക 60,000/- രൂപ തടസ്സപ്പെടുത്തുന്നു. ഗ്രാമസഭ അംഗീകാരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3. സ്കൂളുകൾക്ക് ഫർണ്ണീച്ചർ

| | |
|---|---|
| പദ്ധതി നമ്പർ | 154/2019 |
| പേര് | സ്കൂളുകൾക്ക് ഫർണ്ണീച്ചർ |
| ഫണ്ട് | വികസന ഫണ്ട് |
| ബിൽ നമ്പർ, തുക | 02/2018-2019/ 19.03.2019 തുക 1,94,460 |

ഈ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ രണ്ട് സ്കൂളുകൾക്കായി 28 ബഞ്ചും ഡസ്കും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഈ ബഞ്ചും ഡസ്കും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിവരം ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക 1,94,460/- രൂപ തടസ്സപ്പെടുത്തുന്നു. 28 ബഞ്ചും ഡസ്കും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറിക്ക് നമ്പർ | 03/25.09.2019 |
| തടസ്സപ്പെടുത്തിയ തുക | 1,98,850 + 60,000 + 1,94,460 = 4,53,310/- |

## 1-28 മഴക്കാല പൂർവ്വശുചീകരണം- ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ശുചിത്വമിഷൻ മഴക്കാല പൂർവ്വസുചീകരണത്തിനായി ലഭിച്ച 2,30,000/- രൂപ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 12 വാർഡുകളിലെ ശുചീകരണത്തിനായി വൗച്ചർ നമ്പർ 21800216236/07.06.2018 പ്രകാരം (ചെക്ക് നമ്പർ 876428/07.06.2018) 1,20,000/- രൂപയും 16.06.2018 ൽ വൗച്ചർ നമ്പർ 21800216281 (ചെക്ക് നമ്പർ 876444/ 14.06.2018) പ്രകാരം 1,10,000/- രൂപയുമാണ് നൽകിയത്. എന്നാൽ വാർഡുകളിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക 2,30,000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 09/01.10.2019 |
| | |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | 2,30,000/- |

## 1-29 പ്രാബല്യത്തിലില്ലാത്ത ഭവനപദ്ധതിയുടെ അക്കൌണ്ടിൽ തുക നിലനിർത്തിയിരിക്കുന്നു

31.03.2012 വരെ പ്രാബല്യത്തിലുണ്ടായിരുന്ന ഇ.എം.എസ് ഭവനപദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് നീക്കിയിരുപ്പായി അവശേഷിക്കുന്ന 44,305/- രൂപ [(ചിതറ സർവ്വീസ് സഹകരണ ബാങ്ക് – അക്കൌണ്ട് നം. 22975 (30.09.2019)] സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കാതെ ക്രയവിക്രയമില്ലാതെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും വി.ഇ.ഒ യുടെയും സംയുക്ത അക്കൌണ്ടിൽ നിലനിർത്തിയിരിക്കുകയാണ്. ഇ.എം.എസ് ഭവനപദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ അക്കൌണ്ടിൽ നിലനിർത്തിയിരിക്കുന്ന തുക സർക്കാർ ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-30 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. 36,21,738/- രൂപ തടസ്സപ്പെടുത്തുന്നു.

1. പ്രോജക്ട് – മാങ്കോട് പി എച്ച് സി കുഴൽ കിണർ നിർമ്മാണം (271/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 2,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

- 1,12,338/- (തനത് ഫണ്ട്)

ആകെ – 3,12,338/-

ബിൽ നം 25/19-03-2019 പ്രകാരം 2,00,000/- രൂപയും ചെക്ക് നം. 131960/26-02-2019 പ്രകാരം 1,12,338/- രൂപയും ഉൾപ്പെടെ 3,12,338/- രൂപ പിൻവലിച്ച് കേരളാ ഭൂജലവകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽ ഒടുക്ക് വരുത്തി. തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ട് – ചക്കമല ഫ്ലാറ്റിൽ കുഴൽ കിണർ നിർമ്മാണം (247/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 2,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നം 11/19-09-2018 പ്രകാരം 62,010/ രൂപ പിൻവലിച്ച് കേരളാ ഭൂജലവകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽ ഒടുക്ക് വരുത്തി.

3. പ്രോജക്ട് – കുഴൽ കിണറുകളിൽ ഹാൻഡ് പമ്പ് സ്ഥാപിക്കൽ (248/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 10,00,000/- (വികസന ഫണ്ട്)

കുഴൽ കിണറുകളിൽ ഹാൻഡ് പമ്പ് സ്ഥാപിക്കുന്നതിനായി ജില്ലാ ഭൂജലവകുപ്പിന്റെ 26-03-2018 ലെ ജി കെ റ്റി 979/18 കത്തുപ്രകാരം താഴെക്കൊടുത്തിരിക്കും പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നല്കി.

പുതിയ ഹാൻഡ് പമ്പ് സ്ഥാപിക്കുന്നതിന് (20 എണ്ണം) – 7,28,960/- രൂപ

നിലവിലുള്ളത് റിപ്പയർ ചെയ്യുന്നതിന് (18 എണ്ണം) – 1,86,930/- രൂപ

ഡെവലപ്പിംഗ് ചാർജ്ജ് (6എണ്ണം) – 31,500/- രൂപ

ആകെ – 9,47,390/- രൂപ

ബിൽ നം 13/20-09-2018 പ്രകാരം 9,47,390/- രൂപ പിൻവലിച്ച് ഭൂഗർഭ ജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽ ഒടുക്കവരുത്തി.

17-05-2019 ലെ എഫ്248/18 കത്തിലൂടെ 19 ഹാൻഡ് പമ്പുകൾ നന്നാക്കിയിട്ടുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ ഭൂഗർഭ ജല വകുപ്പ് ജില്ലാ ഓഫീസറെ അറിയിച്ചിട്ടുണ്ട്.

ഫയലുകൾ പരിശോധിച്ചതിൽ ടി പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. എൽ. വിജയൻ, ഹാൻഡ് പമ്പ്സ്ഥാപിക്കുന്നതിനായി 35 കുഴൽകിണറുകളുടെ പട്ടിക ഗ്രാമ പഞ്ചായത്ത് നല്കിയതിൽ 12 കുഴൽ കിണറുകളിൽ മാത്രമേ ഹാൻഡ് പമ്പുകൾ സ്ഥാപിക്കുവാൻ കഴിയുകയുള്ളുവെന്നും, 23 കുഴൽകിണറുകൾ നിലവിലില്ലായെന്നും അറിയിച്ചിരിക്കുന്നു.

ടി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നും, ഇല്ലാത്ത കുഴൽകിണറുകൾക്ക് ഹാൻഡ് പമ്പുകൾ സ്ഥാപിക്കുവാൻ ഭൂഗർഭ ജല വകുപ്പിൽ തുക ഒടുക്കവരുത്തിയതിന് വിശദീകരണം നല്കേണ്ടതാണെന്നും കാണിച്ച്നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ മുകളിൽ കൊടുത്തിട്ടുള്ള 3 പ്രവൃത്തികളിലായി ഭൂഗർഭ ജല വകുപ്പിൽ ഒടുക്കവരുത്തിയിട്ടുള്ള 13,21,738/- രൂപ തടസ്സപ്പെടുത്തുന്നു.

4. പ്രോജക്ട് – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (104/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 23,22,088/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചിതറ ഗ്രാമ പഞ്ചായത്തിലെ ചിതറ, വേങ്കോട്, വളവുപച്ച, മാങ്കോട്, മുള്ളിക്കാട്, കനകമല, മുതയിൽ എന്നീ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി ബിൽ നം 21/21-01-2019 പ്രകാരം 23,00,000/- പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഓടുക്കവരുത്തി. തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയൽ

പരിശോധിച്ചതിൽ ടി പ്രവൃത്തിയിൽ കേരളാ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടുന്നതിനു പകരം കേരളാ ഭൂജലവകുപ്പുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (05, തീ. 30.09.2019)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള 23,00,000/- രൂപാ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ , തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

കെ എസ് ഇ ബി, ഇലക്ട്രിക്കൽ സെക്ഷൻ ചിതറയുടെ, 06-10-2018 ലെ നം 81/AE/ES/CTRA കത്തിൽ 11.87 കി മീ സ്ട്രീറ്റ് മെയിൻവർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും, 18 സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകൾസ്ഥാപിച്ചിട്ടുണ്ടെന്നും, ആയതിനാൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകൾസ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മീറ്റർ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി കംപ്ലീഷൻ റിപ്പോർട്ട് നൽകുന്നതിനും, അപേക്ഷാഫീസ്, ക്യാഷ് ഡെപ്പോസിറ്റ്, ഇ.സി.എസ്.സി എന്നീ ഇനങ്ങളിലുള്ള ചെലവിനുമായി 38,056/- രൂപ ഒടുക്കുവരുത്തേണ്ടതാണെന്നും, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദവിവരങ്ങൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ അന്വേഷണത്തിന് (നം. 2, തീ. 01.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ വലിയ കുറവുവരുത്തുന്നതിന് കാരണമായ നടപടിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-08-19 | കെഎസ്എ.കെഎൽഎം.പി3/1314/19, തീയതി 02.09.2019 |

## 4-2. സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 49,57,569/- | ലൈഫ് മിഷൻ(ജനറൽ) | 48,40,000/- | 1,17,569/- |
| | 2018-19 | 27,74,248/- | ലൈഫ് മിഷൻ (എസ്.സി.പി) | 26,13,450/- | 1,60,798/- |
| | 2018-19 | 5,33,450/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,00,000/- | 2,33,450/- |
| | 2018-19 | 1,00,000/- | പാലിന് സബ്സിഡി | 1,00,000/- | -0- |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 47,61,752 | ലൈഫ് മിഷൻ (ജനറൽ) | 34,80,000/- | 1,28,752/- |
| | 2018-19 | 22,84,454/- | ലൈഫ് മിഷൻ (എസ്.സി.പി) | 22,20,000/- | 64,454/- |
| | 2018-19 | 2,00,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,00,000/- | -0- |
| | 2018-19 | 3,00,000/- | കിണർ നിർമ്മാണം (റ്റി.എസ്.പി) | 3,00,000/- | -0- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ

# വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് ഫിഷ്റ്റിംഗ് | 4180073 & 4180074 | 13,94,272/- | | 13,94,272/- |
| കെ.ഡബ്ല്യ.എ. | പൈപ്പ് ലൈൻ നീട്ടൽ | 4180072 | 29,00,000/- | | 29,00,000/- |
| ജി.ഡബ്ല്യ.ഡി. | അങ്കണവാടി കുഴൽ കിണർ നിർമ്മാണം | 21801234 | 8,00,000/- | | 8,00,000/- |
| ജി.ഡബ്ല്യ.ഡി. | മാങ്കോട് പി.എച്ച്.സി. കുഴൽ കിണർ നിർമ്മാണം | 21801234 | 3,12,338/- | | 3,12,338/- |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6. സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,900/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ , തീയതി |
|---|---|---|---|---|
| 2016-17 | 3-1 | 3,900/- | അശോകൻ,<br>ജീപ്പ് ഡ്രൈവർ | 118010102136,<br>തീ. 02.07.2018 |

## 4-8 . സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.2 | 2009-10 | 2-2 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലുള്ള പിഴവുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2007-08 | 5.2.3(1) | 2010-11 | 5.2.3(1) | പരമ്പരാഗത തൊഴിൽ സംരക്ഷണം-പദ്ധതി നിർവ്വഹണത്തിൽ അപാകത | |

## 4-9. ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 21,29,71,322/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 18,79,53,148/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 36,21,738/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ചാർജ് ചെയ്യാവുന്നവ | |
| | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 36,21,738/- | ശ്രീ. കെ. രാജ്കുമർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. രാജ്കുമർ, സെക്രട്ടറി | സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത് | തേമ്പ്ര ഹൗസ്, പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92& 1992-93 | കെ എസ് എ കെ എൽ എം .പി-3/430/18 ( 1)/2-03-18 |
| 1997-98 | കെ എസ് എ കെ എൽ എം .പി-3/430/18 (3)/2-03-18 |
| 1999-00 | കെ എസ് എ കെ എൽ എം .പി-3/430/18 |

| | |
|---|---|
| | (4)/2-03-18 |
| 2000-01 | കെ എസ് എ കെ എൽ എം .പി-3/430/18 (5)/2-03-18 |
| 2001-02 | കെ എസ് എ കെ എൽ എം .പി-3/430/18 (6)/2-03-18 |
| 2005-06 | കെ എസ് എ കെ എൽ എം .പി-3/430/18 (7)/2-03-18 |
| 2006-07 | എൽ.എഫ്.ക്യൂ.പി-4/1323/14( 12)/14-08-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി-4/1571/11/29-12-11 |
| 2008-09 | എൽ.എഫ്.ക്യൂ.പി-4/1323/14(13 )/14-08-14 |
| 2009-10& 2010-11 | എൽ.എഫ്.ക്യൂ.പി-4/1323/14(14 )/14-08-14 |
| 2011-12& 2012-13 | എൽ.എഫ്.ക്യൂ.പി-4/26/14/09-10-14 |
| 2013-14& 2014-15 | കെ.എസ്.എ.കെ.എൽ.എം-പി-4/249/ 16/22-02-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി-4-329/2017/ 11.2.2017 |
| 2016-17 | കെ എസ് എ കെ എൽ എം .പി-3/1723/17/10.10.2017 |
| 2017-18 | കെ എസ് എ കെ എൽ എം .പി-3/91/19/05.04.19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ.കെ.എൽ.എം.പി.3/1521/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി: 09/12/2019

## <u>2018-19 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **<u>ചിതറ ഗ്രാമപഞ്ചായത്തിന്റെ 2018-19</u>** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

No.KSA.KLM.P3/1521/2019 , Dated – 09/12/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Chithara Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Chithara Grama Panchayath**for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
**Kerala State Audit Department**
**District Office, Kollam**

# അനുബന്ധം 2 അനുബന്ധപത്രികകൾ

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കൊല്ലം**